പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1326 12.03.2015 - ൽ മറുപടിക്ക്

## അനധികൃത സ്വത്തു സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എം. ചന്ദ്രൻ | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന റ്റി.ഒ. സൂരജ് നടത്തിയതായി പറയുന്ന അഴിമതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; | (എ) & (ബി) | ശ്രീ. റ്റി.ഒ. സൂരജ് ഐ. എ. എസ്, പൊതുമരാമത്ത് സെക്രട്ടറി ആയിരിക്കെ, വിവിധ പണികൾക്ക് അനുമതി നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു സത്വരാന്വേഷണവും (ക്യു. വി. 2/2015/എസ്. സി. ടി), ടിയാൻ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസും (വി. സി. 9/14/എസ്. സി.ഇ) നിലവിലുണ്ട്. ആയതിന്മേലുളള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പുരോഗമിക്കുന്നു. |
| (ബി) അനധികൃത സ്വത്തു സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; | | |

| | | | |
|---|---|---|---|
| (സി) | അന്വേഷണത്തിൽ അനധികൃത സ്വത്തു സമ്പാദനം നടത്തിയതായി തെളിവു ലഭിച്ചിട്ടുണ്ടോ ; | (സി) & (ഡി) | പ്രസ്തുത സത്വരാന്വേഷണവും വിജിലൻസ് കേസും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയൂ. |
| (ഡി) | ഉണ്ടെങ്കിൽ എത്ര കോടിയുടെ അനധികൃത സ്വത്തു സമ്പാദനം നടത്തിയതായാണ് തെളിവു ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ